## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി ഉത്തരവ്

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ഹെയർകോപ്പി സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം : 1. ശ്രീമതി എൻ.കെ ഷൈലജയുടെ 03.05.2018-ലെ അപേക്ഷ

2. 15.06.2017-ലെ സി3/18/2017/ഡി.പി.ഐ നമ്പർ ഉത്തരവ്

3. ഈ കാര്യാലയത്തിലെ 13.04.2018-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ.സി3/18/2017/ഡി.പി.ഐ. തീയതി 20.06.2018

പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ ഹെയർകോപ്പി സൂപ്രണ്ടായ ***ശ്രീമതി എൻ.കെ ഷൈലജയെ*** തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ 31.05.2018-ൽ ഹെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി എം.എൻ ലളിതയുടെ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

ചുവടെ പറയുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ 1958-ലെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം-2 ചട്ടം-31(എ)l പ്രകാരം സ്ഥാനക്കയറ്റം നൽകി 30700-65400/- രൂപ ശമ്പള സ്കെയിലിൽ ഹെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ 01.06.2018 തീയതി പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര് & കാര്യാലയം | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|---|
| 1 | 119<br>1986-97 | ശ്രീ എം. മുസ്തഫ,<br>ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്,<br>കൂത്തുപറമ്പ, കണ്ണൂർ | 20.02.1964 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, കണ്ണൂർ | ശ്രീ ഇ. പ്രകാശൻ വിരമിച്ച ഒഴിവ് |
| 2 | 142<br>1986-97 | ശ്രീമതി പി.കെ രാജി,<br>ജില്ലാ വിദ്യാഭ്യാസ ആഫീസ്,<br>ഇരിഞ്ഞാലക്കുട, തൃശ്ശൂർ | 25.04.1967 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, പാലക്കാട് | ശ്രീമതി എൻ.കെ ഷൈലജയ്ക്ക് സ്ഥലംമാറ്റം ലഭിച്ച ഒഴിവ് |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട മേലധികാരികൾ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിച്ച/വിടുതൽ ചെയ്ത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട മേലധികാരികൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഹെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ പുതിയ തസ്തികയിൽ പ്രവേശിച്ച് തുടർച്ചയായ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതാണ്.

സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത ഉത്തരവുകൾ അയക്കുന്നതല്ല. ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്:

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖാന്തരം)

പകർപ്പ്:

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (സി.എ. മുഖേന)
3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)
4. സൂപ്രണ്ട് 'എസ്.വൈ.' സെക്ഷൻ
5. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
6. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
7. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
8. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ്ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
10. കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്